26
2025
ജനുവരി
ഞായർ
മകരം 13

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-6, Issue No.62 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-62 | പേജ് 4. വില 2.00 രൂപ








02 പ്രമേഹ രോഗികളുടെ എണ്ണം പകുതിയായി കുറയ്ക്കുക ലക്ഷ്യം: മന്ത്രി

03 100% സമ്മതിദാന അവകാശം വിനിയോഗിക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറണം: ഗവർണർ

04 മുംബൈ ഭീകരാക്രമണക്കേസ് പ്രതി തഹാവൂർ റാണയെ ഇന്ത്യയ്ക്ക് കൈമാറും


## മത്സ്യമേഖയ്ക്ക് വൻഭീഷണി

# കടലിലെ മണ്ണ് സ്വകാര്യകമ്പനികൾക്ക്

**സ്വന്തം ലേഖകൻ**

കൊല്ലം : മത്സ്യത്തൊഴിലാളികൾക്ക് മാത്രമല്ല, കടലിലെ മത്സ്യ സമ്പത്തിനും ആവാസ വ്യവസ്ഥയ്ക്കും വ്യതിയാനം സംഭവിക്കുന്ന നടപടിയുമായി കേന്ദ്രം. ഇത് നടപ്പിലായിക്കഴിയുമ്പോൾ കൊല്ലം തീരദേശത്ത് സുലഭമായി ലഭിച്ചുകൊണ്ടിരിക്കുന്ന മത്സ്യസമ്പത്ത് ഇതോടെ അവസാനിക്കും.



കൊല്ലത്ത് തീരത്തോട് ചേർന്നുള്ള കടലിലെ മൂന്നു ഭാഗങ്ങളിൽ നിന്നായി 242 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ കടലിൽ ഖനനം നടത്താണ് തീരുമാനം. ഇതിലൂടെ ഏകദേശം 302 ദശലക്ഷം ടൺ മണ്ണ് എടുക്കാമെന്നാണ് കണക്കുകൂട്ടൽ. നിർമാണാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന വെള്ളമണ്ണാണ് ഖനനം ചെയ്തെടുക്കുന്നത്. കൊല്ലം ബാങ്ക് എന്നറിയപ്പെടുന്ന കടൽ ഭാഗം ഇന്ത്യയിൽത്തന്നെ ഏറ്റവുംകൂടുതൽ മത്സ്യസമ്പത്തുള്ള മേഖലയാണ്. ഈ ഭാഗത്ത് ഒന്നരമീറ്റർ കനത്തിൽ ചെളിയുണ്ട്. അതുകൊണ്ടാണ് മത്സ്യസമ്പത്തുണ്ടാകുന്നത്. പല തരത്തിലുള്ള മത്സ്യങ്ങൾ ഏറ്റവും കൂടുതൽ ലഭിക്കുന്നത് കൊല്ലം ഭാഗത്തുനിന്നാണ്. ഖനനം നടത്തുമ്പോൾ സ്വാഭാവികമായും മേൽഭാഗത്തുള്ള ചെളിയും നഷ്ടപ്പെട്ടേക്കാം. ഇത് മത്സ്യമേഖലയെ തകർക്കും. കേന്ദ്ര മൈനിങ് വകുപ്പ് മുൻകൈയ്യെടുത്ത് നടത്തുന്ന മണ്ണു ഖനനത്തിന് എസ്.ബി.ഐ. ക്യാപിറ്റലാൺ എന്ന സ്ഥാപനത്തിനാണ് വിൽപ്പനയുടെ ചുമതല.

2023ൽ കേന്ദ്രസർക്കാർ പരിഷ്കരിച്ച നിയമപ്രകാരം തീരക്കടലിലെയും ആഴക്കടലിലെയും ഖനനാവകാശം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. എടുക്കുന്ന മണ്ണിന്റെ വിലയുടെ 10 ശതമാനം കേന്ദ്രസർക്കാരിന് ലഭിക്കും.

ഇതിന് താത്പര്യമുള്ളവരിൽനിന്ന് ടെൻഡറുകൾ ക്ഷണിച്ചിട്ടുണ്ട്. മൂന്നു മാർഗങ്ങളിലൂടെ മണ്ണെടുക്കാമെന്നും സർക്കാർ നിർദേശിക്കുന്നുണ്ട്. ഈ മാർഗങ്ങളെക്കുറിച്ചും സർക്കാർ വിശദീകരിക്കുന്നുണ്ട്. മണ്ണ് വിൽപ്പനയ്ക്ക് മുന്നോടിയായി കൊച്ചിയിൽ ബന്ധപ്പെട്ടവരെ പങ്കെടുപ്പിച്ച് കഴിഞ്ഞദിവസം ഒരു ശില്പശാല നടത്തിയിരുന്നു.



76ാം റിപ്പബ്ലിക് ദിനാഘോഷത്തിനു തയാറെടുക്കുകയാണ് രാജ്യം. അതിന്റെ ഭാഗമായി തലസ്ഥാന നഗരിയിൽ പരിശീലനം നടത്തുന്നവർ.

## ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് രാജ്യത്ത് ഭരണസ്ഥിരതയുറപ്പാക്കും: രാഷ്ട്രപതി

ന്യൂഡൽഹി: ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് പദ്ധതി ഭരണസ്ഥിരത ഉറപ്പാക്കുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. റിപ്പബ്ലിക് ദിനത്തിന് മുന്നോടിയായി രാജ്യത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.

'ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്' പദ്ധതിക്ക് ഭരണത്തിൽ സ്ഥിരത ഉറപ്പാക്കാൻ കഴിയും. രാജ്യത്തിന് ഗുണകരമായ നയരൂപീകരണങ്ങളുടെ ദൗർബല്യം തടയുക, സംസ്ഥാനങ്ങളുടെ മേലുള്ള സാമ്പത്തികഭാരം കുറയ്ക്കുക തുടങ്ങി ഒട്ടേറെ ആനുകൂല്യങ്ങൾ ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് പദ്ധതിക്ക് വാഗ്ദാനം ചെയ്യാൻ കഴിയുംരാഷ്ട്രപതി പറഞ്ഞു. ഇന്ത്യക്കാരെന്ന പൊതുസ്വത്വത്തിന്റെ അടിത്തറ പാകുന്നതും ഒരു കുടുംബമെന്ന നിലയിൽ നമ്മെ ബന്ധിപ്പിക്കുന്നതും ഭരണഘടനയാണെന്നും രാഷ്ട്രപതി പറഞ്ഞു. നീതി, സത്യം, സമത്വം, സ്വാതന്ത്ര്യം എന്നത് എപ്പോഴും ഇന്ത്യൻ സാംസ്കാരിക പൈതൃകത്തിന്റെ ഭാഗമായിരുന്നുവെന്നും രാഷ്ട്രപതി കൂട്ടിച്ചേർത്തു. മഹാകുംഭമേള രാജ്യത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ സമ്പന്നത ചൂണ്ടിക്കാട്ടുന്നതാണെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

## പത്മപുരസ്കാരങ്ങൾ; എം.ടിക്ക് പത്മവിഭൂഷൺ, പി.ആർ ശ്രീജേഷിനും ശോഭനയ്ക്കും പത്മഭൂഷൺ

ന്യൂഡൽഹി: മലയാളത്തിന്റെ അഭിമാനമായ വിഖ്യാത എഴുത്തുകാരൻ എം.ടി വാസുദേവൻ നായർക്ക് പത്മവിഭൂഷൺ പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ. മരണാനന്തര ബഹുമതിയായാണ് പുരസ്കാരം പ്രഖ്യാപിച്ചിരിക്കുന്നത്. പത്മഭൂഷൺ പുരസ്കാരവും (2005) ജ്ഞാനപീഠവും നൽകി രാജ്യം ആദരിച്ചിട്ടുള്ള എം.ടി കഴിഞ്ഞ ഡിസംബർ 25നാണ് വിടവാങ്ങിയത്.

മലയാളികളായ ഒളിമ്പ്യൻ പി.ആർ ശ്രീജേഷിനും ഹൃദയശസ്ത്രക്രിയാ വിദഗ്ധനായ ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിനും സിനിമ താരവും നർത്തകിയുമായ ശോഭനയ്ക്കും പത്മഭൂഷൺ പുരസ്കാരവും പ്രഖ്യാപിച്ചിട്ടുണ്ട്. മലയാളി ഫുട്ബോൾ താരം ഐ.എം. വിജയൻ, കലാകാരി ഓമനക്കുട്ടിയമ്മയ്ക്കും ഉൾപ്പടെ 113 പേർക്ക് പത്മശ്രീ പുരസ്കാരവും പ്രഖ്യാപിച്ചിട്ടുണ്ട്.

**പത്മവിഭൂഷൺ പുരസ്കാരം നേടിയവർ**

ഡി നാഗേശ്വർ റെഡ്ഡി മെഡിസിൻ തെലങ്കാന

ജസ്റ്റിസ് റിട്ട. ജഗദീഷ് സിങ് ഖേഹർ ചണ്ഡീഗഢ്

കുമുദിനി രജനീകാന്ത് ലാഖിയ ഗുജറാത്ത്

ലക്ഷ്മിനാരായണ സുബ്രഹ്മണ്യം കർണാടക

എംടി വാസുദേവൻ നായർ കേരളം

ഒസാമു സുസുക്കിജപ്പാൻ

ശാരദ സിൻഹ ബിഹാർ

## ഒരു വർഷം, മൂന്ന് മാസം... തടവിലാക്കിയ നാല് ഇസ്രയേൽ സൈനികരെ മോചിപ്പിച്ച് ഹമാസ്

റഫ: ഒരുവർഷത്തിലേറെ ക്കാലമായി ബന്ദികളാക്കിയ നാല് ഇസ്രയേൽ വനിത സൈനികരെ മോചിപ്പിച്ച് ഹമാസ്. സൈനികരെ റെഡ് ക്രോസ് പ്രവർത്തകർക്ക് കൈമാറി. സൈനികരേയും വഹിച്ച് റെഡ് ക്രോസ് വാഹനം ഗാസയിൽ നിന്ന് പുറപ്പെട്ടു. മിലിട്ടറി യൂണിഫോമിൽ പുറത്തെത്തി ആളുകളെ അഭിവാദ്യം ചെയ്യുന്ന സൈനികരുടെ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്.

2023 ഒക്ടോബർ ഏഴ് മുതൽ തടവിലായിരുന്ന നാല് ഇസ്രയേൽ സൈനികരെ വിട്ടയക്കുമെന്ന് വെള്ളിയാഴ്ചയാണ് ഹമാസ് അറിയിച്ചത്. വെടിനിർത്തൽ കരാർ പ്രകാരമുള്ള രണ്ടാമത്തെ തടവുകാരുടെ കൈമാറ്റമാണ് ഇത്. ഗാസ അതിർത്തിയിൽ നിന്ന് ഒരു കിലോമീറ്റർ അകലെയുള്ള നഹാൽ ഓസ് സൈനിക താവളത്തിൽ നിന്നാണ് നാലുപേരെയും ബന്ദികളാക്കിയത്.

ധാരണ പ്രകാരം നാല് സൈനികരെ ഹമാസ് വിട്ടയക്കുമ്പോൾ ഇസ്രയേൽ തടവിലുള്ള ഒരു പലസംഘം പാലസ്തീനികളേയും വിട്ടയക്കേണ്ടതുണ്ട്. എന്നാൽ എത്ര പേരാണ് തടവിൽ നിന്ന് മോചിതരാവുകയെന്നത് സംബന്ധിച്ച വിവരം ഹമാസോ ഇസ്രയേലോ പുറത്തുവിട്ടിട്ടില്ല. എങ്കിലും ഈ കരാർ ഗാസ യുദ്ധത്തിന്റെ അന്ത്യത്തിന് അടിത്തറ പാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

വെടിനിർത്തൽ കരാർ പ്രഖ്യാപനത്തിന് പിന്നാലെ ഗാസയിൽ നിന്ന് രക്ഷപ്പെട്ടുപോയ നിരവധി പേർ ജന്മദേശത്തേക്ക് തിരിച്ചെത്താനാരംഭിച്ചിട്ടുണ്ട്. എന്നാൽ വീടുകളും കൃഷിസ്ഥലങ്ങളും കെട്ടിടങ്ങളും സ്ഥിതി ചെയ്തിരുന്നിടത്ത് വെറും കല്ലും മണലും നിറഞ്ഞ കൂമ്പാരങ്ങൾ മാത്രമാണ് ശേഷിക്കുന്നത്. ഗാസയിലേക്ക് തിരിച്ചെത്തിയ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത് ഹൃദയഭേദകമായ കാഴ്ചയായിരുന്നുവെന്നാണ് ഒരു സ്ത്രീ പ്രതികരിച്ചത്.

ഖത്തറിന്റേയും ഈജിപ്തിന്റേയും അമേരിക്കയുടേയും നിരന്തരമായ ഇടപെടലുകൾക്ക് ശേഷമാണ് ഗാസയിൽ വെടിനിർത്തൽ കരാറിന് വഴിതുറന്നത്. ഇത് അമേരിക്കയുടെ വിജയമാണെന്നായിരുന്നു ട്രംപ് ഇതിനോട് പ്രതികരിച്ചത്.




ഹമാസ് മോചിപ്പിച്ച ഇസ്രയേൽ വനിതാ സൈനികർ




# കേരളത്തിലെ നിക്ഷേപ സാധ്യതകൾക്ക് ആക്കം കൂട്ടി ദാവോസ് വേൾഡ് ഇക്കണോമിക് ഫോറം




സ്വിറ്റ്സർലാൻഡിലെ ദാവോസിൽ നടന്ന 55-ാമത് വേൾഡ് ഇക്കണോമിക് ഫോറത്തിൽ(ഡബ്ല്യുഇഎഫ്) പങ്കെടുത്ത വ്യവസായ മന്ത്രി പി. രാജീവ്, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.എ ജയതിലക്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എംഡി എസ്. ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ എന്നിവരടങ്ങിയ കേരള പ്രതിനിധി സംഘം.

തിരുവനന്തപുരം: കേരളത്തിലേക്കുള്ള നിക്ഷേപ സാധ്യതകൾക്ക് ആക്കം കൂട്ടി സ്വിറ്റ്സർലാൻഡിലെ ദാവോസിൽ നടന്ന 55-ാമത് വേൾഡ് ഇക്കണോമിക് ഫോറം(ഡബ്ല്യുഇഎഫ്). ഫോറത്തിൽ വ്യവസായ മന്ത്രി പി. രാജീവിൻറെ നേതൃത്വത്തിലുള്ള ഉന്നതതല കേരള പ്രതിനിധി സംഘത്തിൻറെ വിജയകരമായ ഇടപെടൽ ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ ഉച്ചകോടിക്ക് ഗുണകരമായേക്കും. സംസ്ഥാനത്തെ ഭാവി വ്യവസായ നിക്ഷേപ സാധ്യതയ്ക്കും ഇത് കരുത്ത് പകരും.

കഴിഞ്ഞ കുറച്ച് വർഷങ്ങളായി വ്യവസായ മേഖലയിൽ സംസ്ഥാനം കൈവരിച്ച മുന്നേറ്റങ്ങൾ ഫോറത്തിലെ ചർച്ചകളിൽ കേരള പ്രതിനിധി സംഘം എടുത്തുകാട്ടി. ബിസിനസ് പ്രമുഖർ, രാഷ്ട്രീയ നേതാക്കൾ, ആസൂത്രകർ, സാങ്കേതിക വിദഗ്ധർ എന്നിവരുമായി കേരള സംഘം ആശയവിനിമയം നടത്തി. എബി ഇൻബെവ്, ഗ്രീൻകോ, ഹിറ്റാച്ചി, ടിവിഎസ് ലോജിസ്റ്റിക്സ്, ജൂബിലൻറ്, ഭാരത് ഫോർജ്, എച്ച്സിഎൽ, സിഫി, വെൽസ്പൺ, ഇൻഫോസിസ്, വാരി, സുഹാന സ്പൈസസ് ഉൾപ്പെടെ 70 ഓളം കമ്പനി പ്രതിനിധികളോടും വ്യവസായ പ്രമുഖരോടും പി. രാജീവ് വൺ ടു വൺ ചർച്ച നടത്തി.

സുസ്ഥിരവും സമഗ്രവുമായ വികസന ലക്ഷ്യങ്ങൾ ഉൾക്കൊണ്ട് പുരോഗതി കൈവരിക്കുന്ന കേരളത്തിൻറെ വ്യവസായ മാതൃക പ്രശംസ നേടി. വളർച്ചയും സാമൂഹിക പുരോഗതിയും സന്തുലിതമാക്കുന്ന നയങ്ങൾ വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് ആഗോള പങ്കാളികളിൽ നിന്നും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളിൽ നിന്നുമാണ് കേരളം അഭിനന്ദനം നേടിയത്. കാലാവസ്ഥാ വ്യതിയാന വെല്ലുവിളികൾ നേരിടുന്ന കാലത്ത് ജനങ്ങളെ പിന്തുണച്ചുകൊണ്ടും പരിസ്ഥിതിക്ക് ദോഷം വരുത്താതെയുമുള്ള വ്യവസായ മാതൃകയ്ക്ക് ഊന്നൽ നൽകുന്നതും ശ്രദ്ധിക്കപ്പെട്ടു.

'വി ആർ ചേഞ്ചിങ് ദ നേചർ ഓഫ് ബിസിനസ്' എന്ന പ്രമേയം ഉൾക്കൊള്ളുന്ന ഡബ്ല്യുഇഎഫിലെ ഇന്ത്യ പവലിയൻറെ ഭാഗമായി സജ്ജീകരിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് പവലിയൻ ആദ്യ ദിവസം മുതൽ സന്ദർശകരെയും നിക്ഷേപകരെയും ആകർഷിച്ചു. സർക്കാരിൻറെ പുതിയ വ്യാവസായിക നയത്തിൽ നിക്ഷേപകർ താൽപര്യം പ്രകടിപ്പിച്ചു. ഇത് കേരളത്തിൻറെ നിക്ഷേപ മേഖലയിൽ വലിയ സ്വാധീനം ചെലുത്തും. ആദ്യമായാണ് ഡബ്ല്യുഇഎഫിൽ കേരളം പവലിയൻ ഒരുക്കിയത്. സൗദി അറേബ്യ, ബഹറിൻ, സ്വിറ്റ്സർലാൻഡ് ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നുള്ള വ്യവസായ പ്രമുഖരുമായി മന്ത്രി പി. രാജീവ് കേരള പവലിയനിൽ ചർച്ച നടത്തി. കേന്ദ്ര മന്ത്രിമാർക്കും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള മുഖ്യമന്ത്രിമാർക്കുമൊപ്പം പാനൽ ചർച്ചകളിലും സംയുക്ത വാർത്താ സമ്മേളനത്തിലും അദ്ദേഹം പങ്കെടുത്തു.

ഡബ്ല്യുഇഎഫിൽ കേരളം ശക്തമായ സാന്നിധ്യം പ്രകടിപ്പിച്ചുവെന്ന് പി. രാജീവ് പറഞ്ഞു. സുപ്രധാന നിക്ഷേപ കേന്ദ്രമാക്കി സംസ്ഥാനത്തെ മാറ്റുന്നതിന് നടത്തിയ നയ സംരംഭങ്ങളും പരിഷ്കാരങ്ങളും ദാവോസിൽ ഫലപ്രദമായി പ്രദർശിപ്പിച്ചു. കൂടാതെ കേരളത്തിൻറെ വ്യവസായ മേഖലയെ കുറിച്ചുള്ള മുൻവിധികളും അനുമാനങ്ങളും മാറ്റുന്നതിലും സമ്മേളനം നിർണായകമായി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ ഒന്നാമെത്തിയ കേരളത്തിൻറെ നേട്ടത്തെ മറ്റ് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ അഭിനന്ദിച്ചുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കേരളത്തെ ഏറ്റവും മികച്ച ഇന്ത്യൻ സംസ്ഥാനം എന്നാണ് ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു ഡബ്ല്യുഇഎഫിലെ സംയുക്ത വാർത്താസമ്മേളനത്തിൽ വിശേഷിപ്പിച്ചത്. കേരളീയർ ലോകമെമ്പാടും തൊഴിലെടുക്കുകയും സ്ഥിരതാമസമാക്കുകയും ചെയ്യുന്നു. അതുവഴി നേരിട്ടുള്ള വിദേശ നിക്ഷേപം പരമാവധി കേരളത്തിലേക്ക് എത്തുന്നുവെന്നും നായിഡു ചൂണ്ടിക്കാട്ടി.

നാല് പാനൽ ചർച്ചകളിൽ പങ്കെടുത്ത കേരള പ്രതിനിധി സംഘാംഗങ്ങൾ സംസ്ഥാനത്തിൻറെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള പരിവർത്തനത്തെയും ഇ-ഗവേണൻസ് ഭരണതലത്തിൽ വരുത്തിയ ഗുണപരമായ മാറ്റങ്ങളും വിശദീകരിച്ചു. ഐടി, സ്പേസ് ടെക്, മെഡിക്കൽ ഡിവൈസ്, ഹെൽത്ത് കെയർ, മാരിടൈം, ടൂറിസം, സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യസംസ്കരണം, സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്രോത്പന്ന സംസ്കരണം എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ കേരളം ആകർഷകമായ നിക്ഷേപ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നുവെന്നും എംഎസ്എംഇ മേഖലയിൽ സംസ്ഥാനം വലിയ കുതിച്ചുചാട്ടം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കി.

ദി ഡിജിറ്റൽ ഡിവിഡൻറ് എന്ന വിഷയത്തിൽ സിഐഐയും കെപിഎംജിയും ചേർന്ന് സംഘടിപ്പിച്ച പാനൽ ചർച്ചയിൽ കേരള സർക്കാർ ജനങ്ങളുടെ പ്രാഥമിക അവകാശം പോലെ ഇൻറർനെറ്റ് ലഭ്യത ഉറപ്പാക്കിയിട്ടുണ്ടെന്ന് മന്ത്രി രാജീവ് പറഞ്ഞു.

കേരള പ്രതിനിധി സംഘത്തിൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.എ ജയതിലക്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എംഡി എസ്. ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ എന്നിവരും സംഘത്തിലുണ്ട്. സിഐഐ കേരള ചാപ്റ്റർ പ്രസിഡൻറ് വിനോദ് മഞ്ഞിലയും കേരള സംഘത്തോടൊപ്പമുണ്ട്.

# പ്രമേഹ രോഗികളുടെ എണ്ണം പകുതിയായി കുറയ്ക്കുക ലക്ഷ്യം: മന്ത്രി വീണാ ജോർജ്

## പ്രമേഹ പ്രതിരോധം അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിച്ചു

സംസ്ഥാനത്തെ പ്രമേഹ രോഗികളുടെ എണ്ണം പകുതിയായി കുറയ്ക്കുകയെന്ന എന്ന ലക്ഷ്യത്തോടെയാണ് ആരോഗ്യ വകുപ്പ് പ്രവർത്തിക്കുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പ്രമേഹ തലസ്ഥാനമാണ് കേരളം എന്നത് ഘട്ടംഘട്ടമായി മാറ്റിയെടുക്കാനുള്ള പ്രവർത്തനങ്ങളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. രോഗാതുരത കുറഞ്ഞ, പ്രമേഹം ഉൾപ്പെടെയുള്ള ജീവിതശൈലി രോഗങ്ങൾ കുറഞ്ഞ സംസ്ഥാനമാക്കി മാറ്റാനാണ് പരിശ്രമം. ആയുർദൈർഘ്യം കൂടുതലുള്ള കേരളത്തിൽ ജീവിക്കുന്ന കാലം വരെ ജീവിത ഗുണനിലവാരം ഉറപ്പുവരുത്താനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ആ പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനാണ് അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിച്ചതെന്നും മന്ത്രി വ്യക്തമാക്കി. ആരോഗ്യ വകുപ്പും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസും ചേർന്ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച അന്താരാഷ്ട്ര ഡയബറ്റീസ് കോൺക്ലേവിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യം കൊടുക്കുന്ന ഒരു മേഖലയാണ് ജീവിതശൈലീ രോഗ പ്രതിരോധം. അതുകൊണ്ടാണ് നവകേരളം കർമ്മപദ്ധതി രണ്ടിന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ 10 കാര്യങ്ങൾ ലക്ഷ്യം വച്ചത്. അതിലൊന്ന് ജീവിതശൈലി രോഗങ്ങളുടെ പ്രതിരോധമാണ്. നമ്മുടെ ആരോഗ്യ സൂചികകൾ വളരെ മികച്ചതാണ്. ഏറ്റവും കുറവ് മാതൃമരണ നിരക്കും ശിശു മരണ നിരക്കും ഏറ്റവും കൂടുതൽ ആയുർ ദൈർഘ്യവും ഉള്ള സംസ്ഥാനമാണ്. പക്ഷേ ജീവിതശൈലി രോഗികളുടെ എണ്ണം കൂടുതലാണ്. ഈയൊരു വർധനവ് മുന്നിൽ കണ്ട് രോഗാതുരത കുറയ്ക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്. ഇതിന്റെ ഭാഗമായി ആർദ്രം ആരോഗ്യം ജീവിതശൈലീ രോഗനിർണയ സ്ക്രീനിംഗിലൂടെ 30 വയസിന് മുകളിലുള്ള മുഴുവൻ പേരെയും വാർഷികാരോഗ്യ പരിശോധനയ്ക്ക് വിധേയമാക്കാനാണ് ലക്ഷ്യം വച്ചിട്ടുള്ളത്. രണ്ടാം ഘട്ട സ്ക്രീനിംഗാണ് ഇപ്പോൾ നടന്നു വരുന്നത്.

ഇതിലൂടെ പുതിയ ജീവിതശൈലീ രോഗികളെ കണ്ടെത്തി ആവശ്യമെങ്കിൽ ചികിത്സ ഉറപ്പാക്കുന്നു. നിലവിൽ ചികിത്സ തേടുന്ന രോഗികൾ കൃത്യമായി ചികിത്സ എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നു. ഇനി രോഗം വരാൻ സാധ്യതയുള്ള റിസ്ക് ഫാക്ടർ ഉള്ളവർക്ക് ആവശ്യമായിട്ടുള്ള ജീവിതശൈലിയിലും ഭക്ഷണത്തിലുമുള്ള മാറ്റം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. വ്യായാമത്തിനും പ്രാധാന്യമുണ്ട്. നിലവിൽ പ്രമേഹമുള്ളവരുടെ ജീവിത ഗുണനിലവാരം ഉയർത്തുന്നതിന് വേണ്ടിയുള്ള ശ്രമങ്ങളും നടത്തിവരുന്നു. 360 ഡിഗ്രി മെറ്റബോളിക് സെന്ററുകൾ ജില്ലാതല ആശുപത്രികളിൽ സ്ഥാപിച്ചു വരുന്നു.

പ്രമേഹവുമായി ബന്ധപ്പെട്ട് നിലവിൽ ചെയ്യുന്ന പ്രവർത്തനങ്ങളും ഇനി ചെയ്യാനുള്ള പ്രവർത്തനങ്ങളും ചർച്ച ചെയ്ത് രൂപരേഖ തയ്യാറാക്കാനാണ് അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിച്ചത്. ദേശീയവും അന്തർ ദേശീയവുമായിട്ടുള്ള പ്രമേഹ രോഗ വിദഗ്ധരെ ഉൾക്കൊള്ളിച്ച് കൊണ്ടാണ് കോൺക്ലേവ് സംഘടിപ്പിച്ചത്. അന്തർദേശീയ തലത്തിൽ പ്രമേഹ രോഗ ചികിത്സയിൽ വന്നിട്ടുള്ള നൂതന സംവിധാനങ്ങളും ചികിത്സാ വിധികളും ആരോഗ്യ വകുപ്പിലെ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും പരിചയപ്പെടുത്തുക എന്ന ഉദ്ദേശം കൂടി ഈ കോൺക്ലേവിനുണ്ട്.

സി.എം.സി. വെല്ലൂരിലെ ഡോ. നിഹാൽ തോമസ്, മയോ ക്ലിനിക്കിലെ ഡോ. ശ്രീകുമാർ, ഡോ. മധു, പ്രസന്ന സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിലെ ഡോ. ചെറിയാൻ വർഗീസ്, ഡോ. പ്രമീള കൽറ, കാർഡിയോളജിസ്റ്റ് ഡോ. ജോർജ് കോശി, ഡോ. രാമൻകുട്ടി, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, ഡോ. സക്കീന, ഡോ. ജബ്ബാർ, ഡോ. ബിപിൻ ഗോപാൽ എന്നിവർ കോൺക്ലേവിൽ പങ്കെടുത്തു.

# ധനസഹായ പദ്ധതികൾക്ക് ഫെബ്രുവരി 10 വരെ അപേക്ഷിക്കാം

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ട ബാർബർ തൊഴിൽ ചെയ്യുന്നവർക്ക് തൊഴിൽ നവീകരിക്കുന്നതിന് ധനസഹായം നൽകുന്ന ബാർബർഷോപ്പ് നവീകരണ ധനസഹായം, പരമ്പരാഗതമായി മൺപാത്ര നിർമ്മാണ തൊഴിൽ ചെയ്തു വരുന്ന സമുദായങ്ങൾക്കുള്ള ധനസഹായം, പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ധർക്ക് പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം എന്നീ പദ്ധതികൾക്ക് 2024-25 വർഷം ആംശി പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഫെബ്രുവരി 10 വരെ നീട്ടി.

# ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സ്: ഓപ്ഷൻ കൺഫർമേഷൻ നടത്താൻ അവസരം

സംസ്ഥാനത്തെ സർക്കാർ ഫാർമസി കോളേജുകളിലും സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകളിലും 2024-25 വർഷത്തെ ബി.ഫാം (എൽ.ഇ) കോഴ്സിലേക്കുള്ള പ്രവേശനത്തിനുള്ള രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെൻറ് നടപടികൾ ആരംഭിച്ചു.

സാധുവായ ഓപ്ഷനുകളുള്ളവരും രണ്ടാമത്തെ അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരും അവരുടെ ഹോം പേജിൽ ലോഗിൻ ചെയ്ത് 'Option Registration' എന്ന മെനുവിൽ 'Confirm' ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. 'Online Option Confirmation' നെ തുടർന്ന് അപേക്ഷകർക്ക് ഹയർ ഓപ്ഷൻ പുന:ക്രമീകരിക്കാവുന്നതും ആവശ്യമില്ലാത്തവ റദ്ദാക്കാവുന്നതുമാണ്. വിദ്യാർഥികൾ അവരുടെ ഹോം പേജിൽ ലഭ്യമായ 'Confirm' ബട്ടണിൽ ക്ലിക്കുചെയ്ത് ഹയർ ഓപ്ഷനുകൾ സ്ഥിരീകരിക്കാത്തപക്ഷം, അവരുടെ ഹയർ ഓപ്ഷനുകൾ രണ്ടാംഘട്ടത്തിൽ ലഭ്യമാകില്ല. എന്നിരുന്നാലും, നിലവിലുള്ള അലോട്ട്മെന്റ് നിലനിർത്തുന്നതാണ്.

ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും ഹയർ ഓപ്ഷൻ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദാക്കുന്നതിനും ം൦൦.രലല.സലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ ജനുവരി 25 മുതൽ 28 ന് വൈകിട്ട് 5 വരെ സൗകര്യമുണ്ടായിരിക്കും.

നിശ്ചിത സമയത്തിനുള്ളിൽ ഓൺലൈനായി ഓപ്ഷനുകൾ സ്ഥിരീകരിക്കാത്തവരെ രണ്ടാംഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കില്ല. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാം.

# ചാക്ക ഐ ടി ഐ യിൽ ഒഴിവുകൾ

ചാക്ക ഗവ. ഐടിഐയിൽ മെക്കാനിക്ക് ഓട്ടോ ബോഡി പെയിന്റിംഗ്, റെഫ്രിജറേഷൻ ആൻഡ് എയർ കണ്ടീഷൻ ടെക്നിഷ്യൻ ട്രേഡുകളിൽ നിലവിലുള്ള ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവുകളിലേക്ക് യഥാക്രമം എസ്സി, മുസ്ലീം, ഓപ്പൺ കാറ്റഗറികളിൽ പിഎസ്സി റൊട്ടേഷൻ ചാർട്ട് അനുസരിച്ച് 3 (എംഎബിപി -2, എംആർഎസി-1) താത്കാലിക ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ നിയമിക്കും. താൽപര്യമുള്ള ഉദ്യോഗാർഥികൾ ജനുവരി 29 രാവിലെ 11ന് അസൽ സർട്ടിഫിക്കറ്റുമായി പ്രിൻസിപ്പൽ മുൻപാകെ ഇന്റർവ്യൂവിന് ഹാജരാകണം. ബന്ധപ്പെട്ട ട്രേഡിൽ എൻ.ടി.സിയും 3 വർഷത്തെ പ്രവൃത്തിപരിചയം, എൻ.എ.സിയും ഒരു വർഷത്തെ പ്രവൃത്തിപരിചയം ബന്ധപ്പെട്ട ട്രേഡിൽ എൻജിനിയറിങ് ഡിപ്ലോമ/ ഡിഗ്രി ആണ് യോഗ്യത. കൂടുതൽ വിവരങ്ങൾക്ക്: 9020088300.

# മാലിന്യമുക്ത നവകേരളം ജനകീയ കാമ്പയിൻ: റിപ്പബ്ലിക് ദിനത്തിൽ കൂടുതൽ ഹരിതപ്രഖ്യാപനങ്ങൾ, മന്ത്രിമാരും ജനപ്രതിനിധികളും നിർവഹിക്കും

ശുചിത്വ കേരളം സുസ്ഥിര കേരളം ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്ന മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായുള്ള ഹരിത പ്രഖ്യാപനങ്ങൾ ജനുവരി 26 മുതൽ നടക്കും. മന്ത്രിമാരും ജനപ്രതിനിധികളും വിവിധ ജില്ലകളിൽ പ്രഖ്യാപനങ്ങൾ നിർവഹിക്കും. ഹരിത വിദ്യാലയങ്ങൾ, ഹരിത മാർക്കറ്റുകൾ, പൊതു ഇടങ്ങൾ, ഹരിത കലാലയം തുടങ്ങി ജനുവരി 31 വരെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും കൂടുതൽ ക്യാമ്പയിൻ പ്രവർത്തനങ്ങളും ഒപ്പം ഹരിത പദവി പ്രഖ്യാപനങ്ങളും നടക്കും. തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന ശ്രദ്ധേയമായ ക്യാമ്പയിൻ പ്രവർത്തനങ്ങളിലൂടെയാണ് ഈ സ്ഥാപനങ്ങൾ ഹരിത പദവിയിലേയ്ക്കെത്തിയത്.

പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ നഗരസഭ മാലിന്യമുക്ത നഗരസഭയായുള്ള പ്രഖ്യാപനവും മാലിന്യ സംസ്കരണ പഠന കേന്ദ്രവും എം.സി.എഫ് ഫെസിലിറ്റേഷൻ സെന്റർ ഉദ്ഘാടനവും ജനുവരി 26 നു തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം. ബി. രാജേഷ് നിർവ്വഹിക്കും. പാലക്കാട് ആലത്തൂർ ഗ്രാമപഞ്ചായത്തിൽ ഹരിത വിദ്യാലയം ഹരിത അയൽക്കൂട്ടം പ്രഖ്യാപനവും സർട്ടിഫിക്കറ്റും വിതരണവും ജനുവരി 26 നു വൈദ്യുതിവകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിക്കും. ജനുവരി 27 ന് മലപ്പുറം ജില്ലയിൽ കായിക വകുപ്പ് മന്ത്രി വി.അബ്ദുറഹിമാൻ നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ ഹരിത പ്രഖ്യാപനങ്ങൾ നിർവഹിക്കും. കണ്ണൂർ ജില്ലയിൽ ധർമ്മടം മണ്ഡലത്തിലെ ഹരിത ടൂറിസം പ്രഖ്യാപനം - ചെറുമാവിലായി പാറപ്രം റെഗുലേറ്റർ കം ബ്രിഡ്ജിൽ രാജ്യസഭാ എം.പി ഡോ. വി ശിവദാസൻ നിർവ്വഹിക്കും. റിപ്പബ്ലിക് ദിനത്തിൽ കണ്ണൂർ മാലൂർ ടൗൺ ഹരിത ടൗൺ ആയി ശൈലജ ടീച്ചർ എംഎൽഎ പ്രഖ്യാപിക്കും. തിരുവനന്തപുരം ഒറ്റൂർ പഞ്ചായത്തിൽ സമ്പൂർണ ഹരിത അയൽക്കൂട്ടം പ്രഖ്യാപനം ജനുവരി 26 ന് അഡ്വ.ഒ.എസ്.അംബിക നിർവഹിക്കും. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഇടുക്കി ജില്ലാതല പ്രഖ്യാപനവും കോട്ടപ്പാറ ടൂറിസം കേന്ദ്രത്തിലെ വാച്ച് ടവർ നിർമ്മാണ ഉദ്ഘാടനവും എ.രാജ എം.എൽ.എ നിർവഹിക്കും. കാസർഗോഡ് കാഞ്ഞങ്ങാട് ബ്ലോക്കിലെ പള്ളിക്കര ഗ്രാമപഞ്ചായത്തുതലം ഹരിതഅയൽക്കൂട്ടം പ്രഖ്യാപനം സി.എച്ച് കുഞ്ഞമ്പു എംഎൽഎ ജനുവരി 27 ന് നിർവഹിക്കും. തൃശ്ശൂർ കൊടുങ്ങല്ലൂർ നഗരസഭ പച്ചത്തുരുത്ത് ഉദ്ഘാടനം കൊടുങ്ങല്ലൂർ കെഎസ്ആർടിസി ഡിപ്പോയിൽ അഡ്വ. വി ആർ സുനിൽകുമാർ എംഎൽഎ നിർവഹിക്കും. കോഴിക്കോട് ജില്ല കുറ്റ്യാടി പഞ്ചായത്തുതല പ്രഖ്യാപനം കെ.പി. കുഞ്ഞമ്മദ്കുട്ടി എം.എൽ.എ നിർവഹിക്കും. ആലപ്പുഴ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് യൂത്ത് മീറ്റ്ൽ വെച്ച് പി.പി. ചിത്തരഞ്ജൻ എം.എൽ.എ ഹരിത പ്രഖ്യാപനം നിർവഹിക്കും.

കൊല്ലം ജില്ലയിൽ പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ വിവിധ ഹരിതപ്രഖ്യാപനങ്ങൾ നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ.സീമ നിർവഹിക്കും. ജനുവരി 26 ന് സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 2,87,654 അയൽക്കൂട്ടങ്ങളെ ഹരിത അയൽക്കൂട്ടങ്ങളായും, 49,988 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളായും, 1,884 ടൗണുകളെ ഹരിത ടൗണുകളായും പ്രഖ്യാപിക്കും. 14,001 വിദ്യാലയങ്ങളാണ് പുതുതായി ഹരിത വിദ്യാലയ പദവിയിലെത്തുന്നത്. 2,445 പൊതുസ്ഥലങ്ങളെയും 1340 കലാലയങ്ങളെയും ജനുവരി 26 ന് ഹരിതമായി പ്രഖ്യാപിക്കും. 169 വിനോദസഞ്ചാര കേന്ദ്രങ്ങളെയാണ് ഹരിത ടൂറിസം കേന്ദ്രങ്ങളാകുന്നത്.

2024 ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനം മുതൽ 2025 മാർച്ച് 30 വരെ (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം) വരെയാണ് ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സഹകരണത്തോടെ ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്ട്, ക്ലീൻ കേരള കമ്പനി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കില തുടങ്ങിയർ സംയുക്തമായാണ് ക്യാമ്പയിന്റെ ഏകോപനം നിർവഹിക്കുന്നത്.

# പൊതുവഴി തടസപ്പെടുത്തിയുള്ള ഘോഷയാത്ര അനുവദിക്കരുത്; പോലീസിന് ഡിജിപിയുടെ നിർദേശം

തിരുവനന്തപുരം: പൊതുവഴി തടസപ്പെടുത്തിയുള്ള ഘോഷയാത്രകളും ഉത്സവച്ചടങ്ങുകളും അനുവദിക്കരുതെന്ന് ജില്ലാ പോലീസ് മേധാവിമാർക്ക് ഡിജിപി എസ്.ദർവേഷ് സാഹിബിൻറെ നിർദേശം. ഇതുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധി നടപ്പാക്കുന്നതിൽ പോലീസ് വീഴ്ചവരുത്തുകയാണെന്നു കാട്ടി കോടതികളിൽ ഹർജികൾ വന്നതോടെയാണ് ഡിജിപിയുടെ ഇടപെടൽ.

ഘോഷയാത്രകൾ റോഡിൻറെ ഒരു വശത്തുകൂടി മാത്രമാണെന്ന് ഉറപ്പാക്കണം. റോഡ് പൂർണമായി തടസപ്പെടുത്തിയുള്ള പരിപാടികൾ അനുവദിക്കില്ല. ഘോഷയാത്രകൾ മൂലം ജനത്തിനു വഴിയിലൂടെ സഞ്ചരിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാകരുതെന്നും നിർദേശത്തിൽ പറയുന്നു.

രാഷ്ട്രീയ പാർട്ടികൾ വഴി തടസപ്പെടുത്തി വേദി കെട്ടുന്നതിനെതിരെ നടപടിയെടുക്കുന്നതിൽ പോലീസ് വീഴ്ച വരുത്തിയതിനെ നേരത്തേ ഹൈക്കോടതി രൂക്ഷമായി വിമർശിച്ചിരുന്നു.



വോട്ടർ ദിനാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഫോട്ടോ പ്രദർശനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യുന്നു

# നൂറ് ശതമാനം സമ്മതിദാന അവകാശം വിനിയോഗിക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറണം: ഗവർണർ

### * സംസ്ഥാനതല വോട്ടർ ദിനാചരണം ഗവർണർ ഉദ്ഘാടനം ചെയ്തു

ജനാധിപത്യ പ്രകിയയിൽ മികച്ച മാതൃകകൾ തീർക്കുന്ന കേരളം നൂറ് ശതമാനം സമ്മതിദാന അവകാശം വിനിയോഗിക്കുന്ന ആദ്യ സംസ്ഥാനമായി മാറണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അഭിപ്രായപ്പെട്ടു. ദേശീയ വോട്ടർ ദിനാചരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരം കനകക്കുന്നിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു ഗവർണർ. ജനാധിപത്യത്തോടും വോട്ടിംഗിനോടും എല്ലാക്കാലവും പ്രതിബദ്ധത കാട്ടിയ ജനങ്ങളാണ് സംസ്ഥാനത്തുള്ളത്. ഇതിനായി നിതാന്ത പരിശ്രമം നടത്തുന്ന ബൂത്ത് തലം വരെയുള്ള ഉദ്യോഗസ്ഥരെ ഈ വേളയിൽ അഭിനന്ദിക്കുന്നു.

ലോകത്ത് ഒരു രാജ്യത്തിനും ചിന്തിക്കാൻ കഴിയാത്ത ബൃഹത്തായ ജനാധിപത്യ ക്രമമാണ് ഇന്ത്യക്കുള്ളത്. സ്വാതന്ത്ര്യ പ്രഖ്യാപന വേളയിൽ ബ്രിട്ടനിൽ ഉണ്ടായ പ്രധാന സംവാദങ്ങളിലൊന്ന് ഇന്ത്യക്ക് ജനാധിപത്യം അർഹിക്കുന്നില്ല എന്നതായിരുന്നു. വികസനമറിയാത്ത പാവങ്ങളായ ഗ്രാമവാസികൾക്കിടയിലേക്ക് ജനാധിപത്യത്തിനെക്കുറച്ചും വോട്ടിംഗിനെക്കുറിച്ചുമുള്ള അറിവെത്തിയിട്ടില്ല എന്നതായിരുന്നു പ്രധാന വാദം. നമ്മൾ സ്വാതന്ത്ര്യം അർഹിക്കുന്നുവെന്ന് കാലം തെളിയിച്ചു. രാജ്യം റിപ്പബ്ലിക് ആയതിനു ശേഷമുള്ള 75 വർഷങ്ങളിൽ ആധുനിക ഇന്ത്യയുടെ രൂപീകരണത്തോടൊപ്പം നമ്മുടെ ജനാധിപത്യവും ശക്തമായി. കാലഘട്ടത്തിനനുസരിച്ചുള്ള പരിഷ്ക്കാരങ്ങളുമായി തെരഞ്ഞെടുപ്പ് കമ്മീഷൻ ജനങ്ങൾക്ക് മുഴുവൻ പിന്തുണയും നൽകുന്നു. ഇന്ന് മുതിർന്നവർക്കും ശാരീരിക അവശതകളുള്ളവർക്കും വീടുകളിൽ തന്നെ വോട്ടിംഗ് സൗകര്യമൊരുക്കിയത് മാതൃകാ നടപടിയാണ്. വൈകാരികമായി ജനാധിപത്യ പ്രക്രിയയിൽ ഇടപെടുന്ന ജനത എന്ന നിലയിൽ എന്നും വോട്ടിംഗിലെ നവീനതകളെ ഇരു കൈയും നീട്ടി കേരളം സ്വീകരിച്ചു. രാജ്യത്ത് ആദ്യ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ചത് കേരളത്തിലാണെന്നത് ശ്രദ്ധേയമാണ്.

പുതിയ വോട്ടർമാർമാരെ സംബന്ധിച്ചടുത്തോളം മികച്ച സർക്കാരിനെയും സ്ഥാനാർത്ഥികളെയും തെരഞ്ഞെടുക്കുന്ന പ്രക്രിയയിൽ വിവേകത്തോടെ വോട്ടിംഗിനെ ഉപയോഗിക്കാൻ ശ്രദ്ധിക്കണം. വോട്ടിംഗ് പ്രക്രിയയ്ക്ക് വിദ്യാഭ്യാസം ആവശ്യമുണ്ട്. സ്ഥാനാർത്ഥികളെ താരതമ്യപ്പെടുത്തൽ, മികച്ചതിനെ തെരഞ്ഞെടുക്കൽ എന്നിവയാണ് അതിലെ ഘടകങ്ങൾ. അതേ സമയം നോട്ടക്കുള്ള വോട്ട് കടമയിൽ നിന്നുള്ള ഒളിച്ചോട്ടമാണോ എന്ന് വോട്ടർമാർ പരിശോധിക്കണം. നമുക്ക് താൽപര്യമുള്ള സർക്കാർ നിലവിൽ വരുന്നതിനുള്ള അവസരം പരമാവധി ഉപയോഗിക്കുകയാണ് വേണ്ടത്. വോട്ടേഴ്സ് ദിനത്തോടനുബന്ധിച്ച് ഇവിടെ നടക്കുന്ന പ്രദർശനം എല്ലാവരും കാണണമെന്ന ഭ്യർത്ഥിക്കുകയാണ്. നമ്മുടെ ജനാധിപത്യത്തിന്റെ ചരിത്രം ഓരോരുത്തരിലേക്കും എത്തേണ്ടതുണ്ട്. സാധാരണ മനുഷ്യരുടെ നേട്ടങ്ങളാണ് ഈ പ്രദർശനത്തിന്റെ പ്രധാന ആകർഷണമെന്നും ഗവർണർ പറഞ്ഞു. ഏറെ സന്തോഷത്തോടെ വരുന്ന തെരഞ്ഞെടുപ്പിൽ കേരളത്തിലാകും തന്റെ സമ്മതിദാന അവകാശം രേഖപ്പെടുത്തുകയെന്നും ഗവർണർ പറഞ്ഞു.

കേരളത്തിന്റെ തെരഞ്ഞെടുപ്പ് ചരിത്രമുൾക്കൊള്ളുന്ന ഫോട്ടോ പ്രദർശനം, ഡിജിറ്റൽ ആർക്കൈവ്സ്, സൊല്യൂഷൻ എന്നിവയുടെ ഉദ്ഘാടനവും ഗവർണർ നിർവഹിച്ചു. തെരഞ്ഞെടുപ്പിന്റെ വിവിധ മേഖലകളിൽ സ്തുത്യർഹമായ സംഭാവന നൽകിയവർക്കുള്ള പുരസ്കാരങ്ങളും ഗവർണർ ചടങ്ങിൽ വിതരണം ചെയ്തു.

ചീഫ് ഇലക്ടറൽ ഓഫീസർ രത്തൻ യു ഖേൽക്കർ സ്വാഗതമാശംസിച്ച ചടങ്ങിൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ മുഖ്യപ്രഭാഷണം നടത്തി. തെരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ ആശംസയും ജില്ലാ കളക്ടർ അനുകുമാരി നന്ദിയും അറിയിച്ചു. 2011 മുതൽ വർഷം തോറും ജനുവരി 25 നാണ് ദേശീയ വോട്ടർ ദിനം ആചരിക്കുന്നത്. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിൽ ഓരോ വോട്ടിന്റെയും പ്രാധാന്യം ഉയർത്തിക്കൊണ്ട് ഇന്ത്യ ദേശീയ വോട്ടർ ദിനം ആചരിക്കുന്നു. 1950 ജനുവരി 25 ന് സ്ഥാപിതമായ ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മിഷന്റെ സ്ഥാപക ദിനത്തോടനുബന്ധിച്ചാണ് ഈ ദിനം ആചരിക്കുന്നത്. 'വോട്ടിന് സമാനമായി ഒന്നുമില്ല, ഞാൻ ഉറപ്പായും വോട്ട് ചെയ്യുന്നു' എന്നതാണ് ഇത്തവണത്തെ ആശയം. കഴിഞ്ഞ വർഷത്തെ പ്രമേയത്തിന്റെ തുടർച്ചയാണിത്. തെരഞ്ഞെടുപ്പ് പ്രക്രിയയിലെ പങ്കാളിത്തത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുകയും വോട്ടർമാരുടെ അവകാശം വിനിയോഗിക്കുന്നതിൽ അഭിമാനിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പ്രമേയത്തിന്റെ അടിസ്ഥാനം.

# റിപ്പബ്ലിക് ദിനാഘോഷം: ഗവർണർ ദേശീയ പതാക ഉയർത്തും

ഈ വർഷത്തെ റിപ്പബ്ലിക് ദിനാഘോഷങ്ങൾ ജനുവരി 26ന് രാവിലെ 9ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഗവർണർ ദേശീയ പതാക ഉയർത്തുന്നതോടെ ആരംഭിക്കും. ഗവർണ്ണറോടൊപ്പം മുഖ്യമന്ത്രി ചടങ്ങിൽ പങ്കെടുക്കും. തുടർന്ന് വിവിധ സേനാ വിഭാഗങ്ങളുടെയും അശ്വാരൂഢ സേന, എൻ.സി.സി, സ്കൗട്സ്, ഗൈഡ്സ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ തുടങ്ങിയ വിഭാഗങ്ങളുടെയും അഭിവാദ്യം ഗവർണർ സ്വീകരിക്കുകയും റിപ്പബ്ലിക് ദിന സന്ദേശം നൽകുകയും ചെയ്യും. മുൻ വർഷങ്ങളിലേതുപോലെ ഭാരതീയ വായൂസേന ഹെലികോപ്റ്ററിൽ പുഷ്പവൃഷ്ടി നടത്തും. പരേഡിനുശേഷം തിരുവനന്തപുരം നഗരത്തിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള കുട്ടികൾ അവതരിപ്പിക്കുന്ന ദേശഭക്തിഗാനങ്ങളും ഉണ്ടായിരിക്കും. റിപ്പബ്ലിക് ദിനാഘോഷ പരിപാടികളിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കാം.

## സൗജന്യ ഏകദിന സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു

എറണാകുളം, തൃശൂർ ജില്ലകളിലെ പ്രവാസി സംരംഭകർക്കായി നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്ററിന്റെ (ചആഎഇ) ആഭിമുഖ്യത്തിൽ സൗജന്യ ഏകദിന സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റിന്റെ (KIED) എറണാകുളം കളമശേരിയിലെ ക്യാമ്പസിലായിരുന്നു ഏകദിന പരിശീലനം. പരിശീലനപരിപാടിയിൽ 51 പ്രവാസികൾ പങ്കെടുത്തു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആൻഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. സജി പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. എൻബിഎഫ്സി പ്രോജക്ട്സ് മാനേജർ കെ.വി. സുരേഷ്, സീനിയർ പ്രോഗ്രാം കോ-ഓർഡിനേറ്റർ ബി. ഷറഫുദ്ദീൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

നോർക്ക റൂട്ട്സ്, വ്യവസായ വകുപ്പ്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവ വഴി നടപ്പിലാക്കുന്ന വിവിധ സംരംഭകസഹായ പദ്ധതികൾ, വ്യവസായ സംരംഭത്തിനാവശ്യമായ വിവിധ തരം ലൈസൻസുകൾ, ജിഎസ്ടി എന്നിവ സംബന്ധിച്ച് പരിശീലനവും പൊതു സംശയങ്ങൾക്കുള്ള മറുപടിയും നൽകി. പ്രോജക്റ്റുകൾ തയാറാക്കുന്നത് സംബന്ധിച്ചും, എംഎസ്എംഇയെക്കുറിച്ചും അവബോധമുണ്ടാക്കാനുള്ള ക്ലാസുകളും സംഘടിപ്പിച്ചിരുന്നു.

## എറണാകുളത്ത് ലഹരിക്കേസിലെ പ്രതി ജയിൽ ചാടി

കൊച്ചി: എറണാകുളം സബ് ജയിലിൽനിന്ന് പ്രതി ചാടിപ്പോയി. പശ്ചിമ ബംഗാൾ സ്വദേശി മന്ദി ബിശ്വാസ് ആണ് ജയിൽ ചാടിയത്.

കഴിഞ്ഞ ദിവസം ലഹരിക്കേസിൽ എക്സൈസ് അറസ്റ്റ് ചെയ്ത പ്രതി ഇവിടെ റിമാൻഡിൽ കഴിയുകയായിരുന്നു. ഉച്ചയ്ക്ക് രണ്ടരയോടെയാണ് ഇയാൾ ചാടിപ്പോയ കാര്യം ശ്രദ്ധയിൽപ്പെട്ടത്. പോലീസും എക്സൈസും ചേർന്ന് തിരച്ചിൽ തുടരുകയാണ്.

മന്ദി ബിശ്വാസ് അടക്കം മൂന്ന് പേരെയാണ് ലഹരി മരുന്ന് വിൽപ്പനക്കേസിൽ എക്സൈസ് പിടികൂടിയത്. ജയിലിൽ എത്തിയ ശേഷം ഇയാൾ പല തവണ ഉദ്യോഗസ്ഥരോട് കയർത്തിരുന്നെന്നാണ് വിവരം.

# ഭർത്താക്കന്മാരുടെ മദ്യപാനത്തിൽ മനംനൊന്തു; വീടുവിട്ടിറങ്ങിയ യുവതികൾ തമ്മിൽ വിവാഹിതരായി

ലക്നോ: ഭർത്താക്കന്മാരുടെ അമിത മദ്യപാനം മൂലം മനംനൊന്ത് വീടുവിട്ടിറങ്ങിയ യുവതികൾ തമ്മിൽ വിവാഹിതരായി. ഉത്തർപ്രദേശിലെ ഗോരഖ്പുരിലെ ഡിയോറിയയിലാണ് സംഭവം. കവിതയും ബബ്ലു എന്ന ഗുഞ്ചയുമാണ് വ്യാഴാഴ്ച വൈകുന്നേരം ഡിയോറിയയിലെ ശിവക്ഷേത്രത്തിൽ വച്ച് വിവാഹിതരായത്.

ഇൻസ്റ്റാഗ്രാമിലൂടെയാണ് തങ്ങൾ പരിചയപ്പെട്ടതെന്നും സമാനമായ സാഹചര്യങ്ങളാണ് തങ്ങളെ അടുപ്പിച്ചതെന്നും അവർ മാധ്യമപ്രവർത്തകരോട് പറഞ്ഞു. ക്ഷേത്രത്തിൽ, ഗുഞ്ച വരന്റെ വേഷം ധരിച്ച്, കവിതയുടെ നെറ്റിയിൽ സിന്ദൂരം പുരട്ടി. ഇരുവരും പരസ്പരം മാലകൾ അണിയിക്കുകയും അഗ്നികുണ്ഡത്തിന് ചുറ്റും ഏഴുപ്രാവശ്യം വലംവയ്ക്കുകയും ചെയ്തു.

ഭർത്താക്കന്മാരുടെ മദ്യപാനവും മോശമായ പെരുമാറ്റവും ഞങ്ങളെ വേദനിപ്പിച്ചു. ഇതേതുടർന്നാണ് സമാധാനവും സ്നേഹവും നിറഞ്ഞ ജീവിതം തിരഞ്ഞെടുക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചത്.

ദമ്പതികളായി ഗോരഖ്പൂരിൽ ജീവിക്കാനും ജോലി ചെയ്യാനും ഞങ്ങൾ തീരുമാനിച്ചുവെന്ന് ഗുഞ്ജ പറഞ്ഞു.

# 2025ലെ ആദ്യ ജില്ലാ വികസന സമിതി യോഗം ചേർന്നു

വികസന പദ്ധതികളുമായി ബന്ധപ്പെട്ട കേസുകൾ ഉദ്യോ?ഗസ്ഥർ കാര്യക്ഷമമായി കൈകാര്യം ചെയ്യണമെന്നും, ഇതിന്റെ പേരിൽ പദ്ധതികളിൽ കാലതാമസം വരുത്തരുതെന്നും വി.കെ പ്രശാന്ത് എംഎൽഎ.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ വികസന സമിതി യോഗത്തിൽ, വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിന്റെ പുരോഗതി ആരാഞ്ഞപ്പോഴാണ് എംഎൽഎ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയത്.

പട്ടം മേൽപ്പാലത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും യോഗത്തിൽ ചർച്ച ചെയ്തു. പുതുക്കിയ അലൈൻമെന്റിൽ അന്തിമ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് മേൽപ്പാലത്തിന്റെ രൂപരേഖയിൽ മാറ്റം വരുത്തി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുമെന്ന് കെ.എം.ആർ.എൽ അറിയിച്ചു. പി.ഡബ്ല്യു.ഡി റോഡുകളിൽ മാൻ ഹോൾ ഉള്ള ഭാഗത്ത് ഇന്റർലോക്ക് ഇടുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നതായും എംഎൽഎ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചു.

മെഡിക്കൽ കോളേജ് ക്യാമ്പസ്സിൽ പ്ലാസ്റ്റിക് കത്തിക്കുന്നുവെന്ന പരാതിയും മ്യൂസിയം പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ റോഡ് കയ്യേറി പാർക്ക് ചെയ്യുന്നുവെന്ന പൊതുജനങ്ങളുടെ പരാതിയും യോ?ഗത്തിൽ ഉന്നയിക്കപ്പെട്ടു.

കഴക്കൂട്ടം മണ്ഡലത്തിലെ ശ്രീകാര്യം മേൽപ്പാലം നിർമ്മാണ പ്രവർത്തനങ്ങൾ, മണ്ണന്തല-പൗഡിക്കോണം, പൗഡിക്കോണം -ശ്രീകാര്യം റോഡ് സ്ഥലം ഏറ്റെടുപ്പ്, പോത്തൻകോട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം, ബൈപ്പാസ് കരിമണൽ റോഡ് മെയിന്റനൻസ്, പാർവതി പുത്തനാർ നവീകരണം, ആമയിഴഞ്ചാൻ തോട് നവീകരണം, ആക്കുളം കായൽ നവീകരണം എന്നീ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ചും യോഗത്തിൽ ചർച്ച ചെയ്തു. മണ്ണന്തല എസ്.എൻ നഗർ റോഡ് ഈ മാസത്തിൽ പൂർത്തീകരിക്കുമെന്ന് ഉദ്യോഗസ്ഥർ യോഗത്തെ അറിയിച്ചു.

യോഗത്തിൽ വി.കെ. പ്രശാന്ത് . എം. എൽ എ ജില്ലാ പ്ലാനിങ് ഓഫീസർ വി.എസ് ബിജു, എം.പിമാരുടെയും, എം.എൽ.എമാരുടെയും പ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## റാങ്ക് പട്ടിക റദ്ദാക്കി

ജില്ലയിൽ സൈനിക ക്ഷേമ വകുപ്പിൽ വിമുക്ത ഭടന്മാർക്ക് മാത്രം അപേക്ഷിക്കാവുന്ന ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ 2024 ഫെബ്രുവരി 6ന് നിലവിൽ വന്ന റാങ്ക് പട്ടിക റദ്ദാക്കി. ഈ തസ്തികയുടെ മാതൃറാങ്ക് പട്ടികയുടെ കാലാവധിയിൽ എൻ.സി.എ ഊഴത്തിൽ നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച സാഹചര്യത്തിലാണിത്.

# റേഷൻ ട്രാൻസ്പോർട്ട് കരാറുകാരുടെ സമരം പിൻവലിച്ചു

സംസ്ഥാനത്തെ റേഷൻ വാതിൽപ്പടി വിതരണം നടത്തുന്ന ഗതാഗത കരാറുകാരുടെ സമരം ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിൽ നേതാക്കളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പിൻവലിച്ചു. സപ്ലൈകോ നൽകാനുള്ള കുടിശ്ശിക പൂർണ്ണമായും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് കഴിഞ്ഞ 24 ദിവസമായി റേഷൻ ഭക്ഷ്യധാന്യ വിതരണത്തിൽ നിന്നും കരാറുകാർ വിട്ടു നിന്നത്. സെപ്റ്റംബർ മാസത്തെ തുകയുടെ 40 ശതമാനവും ഒക്ടോബർ, നവംബർ മാസങ്ങളിലെ തുകയുമാണ് കുടിശ്ശികയായിരുന്നത്. സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ച 50 കോടി രൂപയിൽ നിന്നും സെപ്റ്റംബറിലെയും ഒക്ടോബറിലെയും കുടിശ്ശിക പൂർണ്ണമായും നവംബർ മാസത്തെ 50 ശതമാനം തുകയും നൽകാമെന്ന് ജനുവരി 16 ന് നടത്തിയ ചർച്ചയിൽ മന്ത്രി അറിയിച്ചിരുന്നതാണ്. എന്നാൽ നവംബർ മാസത്തെ കുടിശ്ശികയിൽ 75% തുക നൽകണമെന്നായിരുന്നു കരാറുകാരുടെ ആവശ്യം. ഇക്കാരണത്താൽ കരാറുകാർ സമരം തുടരുകയായിരുന്നു. ഈ സാഹചര്യത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി കരാറുകാരുമായി ഇന്ന് നടത്തിയ ചർച്ചയിൽ സെപ്റ്റംബർ മാസത്തെയും ഒക്ടോബർ മാസത്തെയും മുഴുവൻ തുകയും നവംബർ മാസത്തെ തുകയുടെ 60 ശതമാനവും നൽകാമെന്ന് ധാരണയായതിന്റെ അടിസ്ഥാനത്തിലാണ് സമരം പിൻവലിച്ചത്. തിങ്കളാഴ്ച മുതൽ തുക കരാറുകാരുടെ അക്കൗണ്ടിലേക്ക് നൽകുന്നതിന് സപ്ലൈകോ സി.എം.ഡി യ്ക്ക് മന്ത്രി നിർദ്ദേശം നൽകി. ഇന്ന് ഉച്ചയ്ക്ക് ശേഷം വാതിൽപടി വിതരണം പുനരാരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാമെന്ന് കരാറുകാർ യോഗത്തിൽ ഉറപ്പുനൽകി. ട്രാൻസ്പോർട്ട് കരാറുകാരുടെ സംഘടനാനേതാക്കളായ ഫഹദ് ബിൻ ഇസ്മയിൽ, തമ്പി മേട്ടുത്തറ, മുഹമ്മദ് റഫീക്ക്, ജയിംസ് കെ. പി. ജഹാംഗീർ എന്നിവരും സപ്ലൈകോ സി.എം.ഡി പി. ബി. നൂഹ് ഭക്ഷ്യവകുപ്പിലെയും സപ്ലൈകോയിലെയും ഉന്നത ഉദ്യോഗസ്ഥർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

# ദേശീയ വോട്ടർ ദിനം: നോർക്ക റൂട്ട്സിൽ സമ്മതിദായകരുടെ പ്രതിജ്ഞ ചൊല്ലി

15-ാം ദേശീയ വോട്ടർ ദിനത്തിന്റെ ഭാഗമായി നോർക്ക റൂട്ട്സ് ആസ്ഥാനമായ തൈക്കാട് നോർക്ക സെന്ററിൽ ജീവനക്കാർ സമ്മതിദായക പ്രതിജ്ഞ ചൊല്ലി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശേരി ജീവനക്കാർക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. 'വോട്ട് ചെയ്യുന്നതുപോലെ മറ്റൊന്നില്ല, ഞാൻ തീർച്ചയായും വോട്ട് ചെയ്യും.' എന്നതാണ് ഇത്തവണത്തെ പ്രമേയം. നോർക്ക റൂട്ട്സ് മേഖലാ ഓഫീസുകളിലും എൻ.ആർ.കെ ഡവലപ്മെന്റ് ഓഫീസുകൾ, ജില്ലാ സെല്ലുകൾ എന്നിവിടങ്ങളിലും ജീവനക്കാർ പ്രതിജ്ഞ ചൊല്ലി.

1950-ലാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ (ഋഇക) നിലവിൽ വന്നത്. ഇതിന്റെ ഓർമ്മ പുതുക്കുന്നതിന് 2011 മുതലാണ് ജനുവരി 25 ദേശീയ വോട്ടർ ദിനമായി ആചരിച്ചുവരുന്നത്. രാജ്യത്തിന്റെ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ സജീവമായി പങ്കെടുക്കാൻ യുവ വോട്ടർമാരെ പ്രോത്സാഹിപ്പിക്കുന്നതിനും വോട്ടർ ദിനാഘോഷം ലക്ഷ്യമിടുന്നു. നിലവിൽ 21.7 കോടി യുവ വോട്ടർമാർ ഉൾപ്പെടെ 99.1 കോടിയാണ് രാജ്യത്തെ വോട്ടർമാരുടെ എണ്ണം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

## എൻ.എം. വിജയൻെറ ആത്മഹത്യ: ഐ.സി. ബാലകൃഷ്ണൻ അറസ്റ്റിൽ

കൽപ്പറ്റ: വയനാട് ഡിസിസി ട്രഷറർ എൻ.എം. വിജയൻെറ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസിലെ ഒന്നാം പ്രതിയായ ഐ.സി. ബാലകൃഷ്ണൻ എംഎൽഎ അറസ്റ്റിൽ. കോടതി ഉത്തരവുള്ളതിനാൽ അറസ്റ്റ് രേഖപ്പെടുത്തിയശേഷം എംഎൽഎയെ ജാമ്യത്തിൽ വിട്ടയച്ചു.

കഴിഞ്ഞ രണ്ട് ദിവസം ബത്തേരി ഡിവൈഎസ്പിയുടെ നേതൃത്വത്തിൽ എംഎൽഎയെ ചോദ്യം ചെയ്തിരുന്നു. പൂത്തൂർ വയൽ കാന്പിലായിരുന്നു ചോദ്യം ചെയ്യൽ. എംഎൽഎയുടെ വീട്ടിലും കഴിഞ്ഞ ദിവസം പോലീസ് റെയ്ഡ് നടത്തിയിരുന്നു.

കേസിൽ ഡിസിസി പ്രസിഡൻറ് എൻ.ഡി. അപ്പച്ചൻ, മുൻ ട്രഷറർ കെ.കെ. ഗോപിനാഥൻ എന്നിവരെ ബുധനാഴ്ച അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടിരുന്നു. രണ്ടുദിവസത്തെ ചോദ്യംചെയ്യലിനു ശേഷമാണ് ഇവരെയും അറസ്റ്റ് ചെയ്തത്. ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തിയാണ് കോൺഗ്രസ് നേതാക്കളെ അറസ്റ്റ് ചെയ്തത്.

## സിബിഐ ചമഞ്ഞ് തട്ടിപ്പ്; മുൻ പ്രതിരോധ ഉദ്യോഗസ്ഥന് 45 ലക്ഷം രൂപ നഷ്ടമായി

പത്തനംതിട്ട: സിബിഐ ചമഞ്ഞ് മുൻ പ്രതിരോധ ഉദ്യോഗസ്ഥൻെറ 45 ലക്ഷം രൂപ തട്ടിയെടുത്തു. പത്തനംതിട്ട കുഴിക്കാല സ്വദേശി കെ.തോമസിനാണ് പണം നഷ്ടമായത്.

മകൻെറ പ്രൊഫൈൽ ചിത്രമുള്ള മൊബൈൽ ഫോൺ നമ്പറിൽനിന്നാണ് വിളിയെത്തിയത്. പണം കൃത്രിമത്തിൽപ്പെട്ട് കിടക്കുകയാണെന്നും സുരക്ഷിതമായ അക്കൗണ്ടിലേക്ക് മാറ്റണമെന്നും കേസ് കഴിയുമ്പോൾ തിരികെ നൽകാമെന്നും വിശ്വസിപ്പിച്ചാണ് പണം വാങ്ങിയത്. പിന്നീട് സംശയം തോന്നിയതോടെ സൈബർ പോലീസിൽ പരാതി നൽകുകയായിരുന്നു.

## മുംബൈ ഭീകരാക്രമണക്കേസ് പ്രതി തഹാവൂർ റാണയെ ഇന്ത്യയ്ക്ക് കൈമാറും; അപ്പീൽ യുഎസ് സുപ്രീംകോടതി തള്ളി

വാഷിംഗ്ടൺ ഡിസി: മുംബൈ ഭീകരാക്രമണക്കേസ് പ്രതിയായ പാക് വംശജനായ കനേഡിയൻ വ്യവസായി തഹാവൂർ റാണയെ അമേരിക്ക ഇന്ത്യയ്ക്ക് കൈമാറും. അമേരിക്കൻ സുപ്രീംകോടതിയുടേതാണ് ഉത്തരവ്.

കീഴ്ക്കോടതിയിൽനിന്ന് പ്രതികൂല വിധിയുണ്ടായതിനെ തുടർന്ന് റാണ സുപ്രീം കോടതിയെ സമീപിക്കുകയായിരുന്നു. എന്നാൽ തന്നെ ഇന്ത്യയ്ക്ക് കൈമാറരുതെന്ന റാണയുടെ അപേക്ഷ കോടതി തള്ളി. ഇതോടെ ഇന്ത്യയിലെ വിചാരണയ്ക്കായി റാണയെ കൈമാറും.

2008 നവംബർ 26ലെ മുംബൈ ഭീകരാക്രമണത്തിൽ ആറ് യുഎസ് പൗരന്മാർ ഉൾപ്പെടെ 166 പേർ കൊല്ലപ്പെട്ടിരുന്നു. കേസിൽ ഗൂഢാലോചനക്കുറ്റത്തിന് 2009 ഒക്ടോബറിൽ അറസ്റ്റിലായ റാണ 168 മാസം തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടു ജയിലിലായിരുന്നു.

സുഹൃത്തായ യുഎസ് പൗരൻ ഡേവിഡ് ഹെഡ്‌ലിയുമൊത്ത് പാക്ക് ഭീകര സംഘടനകളായ ലഷ്കറെ തയിബ, ഹർക്കത്തുൽ മുജാഹിദീൻ എന്നിവയ്ക്കായി മുംബൈ ഭീകരാക്രമണത്തിന് ഗൂഢാലോചന നടത്തിയതിനാണ് റാണ അന്വേഷണം നേരിടുന്നത്.

റാണയെ വിട്ടുകിട്ടിയാൽ മുംബൈ ഭീകരാക്രമണ കേസിൽ പാക് ചാരസംഘടനയായ ഐഎസ്ഐയുടെ പങ്ക് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭിക്കും. ഇതേ കേസിൽ പിടിയിലായ പാക് ഭീകരൻ അജ്മൽ കസബിനെ വിചാരണ ചെയ്ത് 2012 നവംബർ 21ന് തൂക്കിലേറ്റിയിരുന്നു.

### ഭക്ഷ്യധാന്യ വിതരണം തടസ്സപ്പെട്ടാൽ നടപടി

2013 ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ 16(6)(ബി) വകുപ്പ് പ്രകാരം രണ്ടാം അധ്യായത്തിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ഭക്ഷ്യാവകാശങ്ങൾ പൊതുവിതരണ സമ്പ്രദായത്തിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ചുമതലയാണ്. അതിനാൽ റേഷൻ കാർഡുടമകൾക്ക് അർഹതയുള്ള ഭക്ഷ്യധാന്യ വിഹിതം ലഭ്യമാകുന്നതിന് തടസ്സമായി നിൽക്കുന്ന ഏതൊരു പ്രവൃത്തിയും കമ്മീഷൻ വളരെ ഗൗരവത്തോടെ വീക്ഷിക്കുകയും കുറ്റക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. ജനുവരി 27 മുതൽ റേഷൻ വ്യാപാരികൾ അനിശ്ചിതകാല പണിമുടക്ക് നടത്തുന്നുവെന്ന പത്രവാർത്ത കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണ് സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ അറിയിപ്പ്.

## അടൂരിൽ പ്ലസ് ടു വിദ്യാർഥിനിയെ പീഡിപ്പിച്ചു; നാല് പേർ അറസ്റ്റിൽ

പത്തനംതിട്ട: അടൂരിൽ പ്ലസ് ടു വിദ്യാർഥിനിയെ പീഡിപ്പിച്ച കേസിൽ നാല് പേർ അറസ്റ്റിൽ. ഇവർക്കെതിരേ പോക്സോ വകുപ്പ് ചുമത്തി കേസെടുത്തു.

ഒന്പത് പേർ ലൈംഗികമായി പീഡിപ്പിച്ചെന്നാണ് പരാതി. മറ്റ് അഞ്ചുപേർക്കായി അന്വേഷണം തുടരുകയാണ്.

സ്കൂളിൽ വരാൻ മടി കാണിച്ച വിദ്യാർഥിനിക്ക് നൽകിയ കൗൺസിലിംഗിൽ ആണ് പീഡന വിവരം പുറത്തുവന്നത്. അഞ്ചു വർഷത്തിനിടെയാണ് വിവിധ സംഭവങ്ങളിലായി ഒന്പത് പേർ പീഡിപ്പിച്ചത്. ഏഴാം ക്ലാസിലാണ് പീഡനം തുടങ്ങിയത്.

ഒന്പത് കേസുകളാണ് അടൂർ പോലീസ് രജിസ്റ്റർ ചെയ്തത്. ചില കേസുകൾ അടൂർ പോലീസ് സ്റ്റേഷൻ പരിധിക്ക് പുറത്താണ്. അതത് പോലീസ് സ്റ്റേഷനുകളിലേക്ക് ഈ കേസുകൾ കൈമാറും.

പ്രതികളിൽ പലരും സാമൂഹിക മാധ്യമങ്ങൾ വഴിയാണ് പെൺകുട്ടിയുമായി പരിചയപ്പെട്ടത്. പ്രതികളിൽ ചിലർ സുഹൃത്തുക്കളാണെന്നും പോലീസ് പറഞ്ഞു.

### ഒഴിവ്

കേരള സർക്കാറിന് കീഴിലുള്ള ധനുവച്ചപുരം ഐഎച്ച്ആർഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ മലയാളം വിഷയത്തിൽ ഗസ്റ്റ് ലക്ചറർമാരെ ആവശ്യമുണ്ട്. താൽപര്യമുള്ളവർ യോഗ്യതയും വയസും തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളുമായി ജനുവരി 29ന് രാവിലെ 11ന് കോളേജിൽ എത്തിച്ചേരണം. വിശദ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0471–2234374.

## കെപിസിസി അധ്യക്ഷസ്ഥാനത്തുനിന്ന് കെ.സുധാകരനെ ഉടൻ മാറ്റില്ല

തിരുവനന്തപുരം: കെപിസിസി അധ്യക്ഷസ്ഥാനത്തുനിന്ന് കെ.സുധാകരനെ ഉടൻ മാറ്റില്ലെന്ന് ഹൈക്കമാൻഡിൻെറ ഉറപ്പ്. സുധാകരനെ വിശ്വാസത്തിലെടുക്കാതെ ഒരു തീരുമാനവും ഉണ്ടാകില്ലെന്ന് ഹൈക്കമാൻഡ് അദ്ദേഹത്തെ അറിയിച്ചു.

കേരളത്തിൻെറ ചുമതലയുള്ള എഐസിസി ജനറൽ സെക്രട്ടറി ദീപദാസ് മുൻഷി നടത്തുന്നത് പുനഃസംഘടനാ ചർച്ചകൾ മാത്രമാണെന്നും ഹൈക്കമാൻഡ് വ്യക്തമാക്കി. പാർട്ടിക്കുള്ളിൽ താൻ അറിയാതെ നടക്കുന്ന നേതൃമാറ്റ ചർച്ചകളിൽ സുധാകരൻ ഹൈക്കമാൻഡിനെ അതൃപ്തി അറിയിച്ചിരുന്നു. ഈ പശ്ചാത്തലത്തിലാണ് ഹൈക്കമാൻഡ് മറുപടി നൽകിയത്.

കഴിഞ്ഞ ദിവസങ്ങളിൽ പാർട്ടിക്കുള്ളിൽ നിന്ന് തന്നെ നേതൃമാറ്റത്തിനായി ആവശ്യം ഉയർന്നിരുന്നു. ഇതുമായി ബന്ധപ്പെട്ട് കേരളത്തിൻെറ ചുമതലയുള്ള ദീപദാസ് മുൻഷി പാർട്ടി നേതാക്കളെ പ്രത്യേകമായി കണ്ട് ചർച്ച നടത്തിയിരുന്നു.

ബെന്നി ബെഹനാൻ, അടൂർ പ്രകാശ്, കൊടിക്കുന്നിൽ സുരേഷ്, ആൻറോ ആൻറണി, സണ്ണി ജോസഫ്, റോജി എം.ജോൺ തുടങ്ങിയവരുടെ പേരുകൾ കെപിസിസി അധ്യക്ഷസ്ഥാനത്തേക്ക് പരിഗണിക്കുന്നതായി റിപ്പോർട്ടുകളുണ്ടായിരുന്നു.

### റൂസയിൽ ഒഴിവ്

രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയന്റെ (റൂസ) തിരുവനന്തപുരം സംസ്ഥാന കാര്യാലയത്തിൽ ഒരു വർഷത്തെ കരാർ വ്യവസ്ഥയിൽ പ്രോഗ്രാം മാനേജർ, പ്രോഗ്രാം അസിസ്റ്റന്റ് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ബിരുദാനന്തര ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് പ്രോഗ്രാം മാനേജറുടെ യോഗ്യത. ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലുള്ള ആശയവിനിമയ ശേഷി നിർബന്ധമാണ്. ഫോൺ: 0471 2303036.

### രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കണം

കൗൺസിൽ ഓഫ് ഹോമിയോപ്പതിക് മെഡിസിനിലെ ബി ക്ലാസ് രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നതിലേയ്ക്കായി നിലവിൽ ഹോമിയോപ്പതി ബി ക്ലാസ് രജിസ്ട്രേഷൻ കൈവശമുള്ള എല്ലാ ഹോമിയോപ്പതി പ്രാക്ടീഷണർമാരും അവരുടെ ബി ക്ലാസ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഐ.ഡി പ്രൂഫിന്റെ പകർപ്പ് എന്നിവ ഫെബ്രുവരി 20 ന് മുൻപ് കൗൺസിലിൽ നേരിട്ട് ഹാജരായി സമർപ്പിക്കണം. അല്ലാത്തപക്ഷം ബി ക്ലാസ് രജിസ്ട്രേഷൻ റദ്ദാക്കുമെന്ന് രജിസ്ട്രാർ അറിയിച്ചു.

## ബസ്സുകളുടെ ട്രിപ്പ് മുടക്കുന്നതിനെതിരെ സിപിഐ പ്രക്ഷോഭത്തിലേക്ക്

വെഞ്ഞാറമൂട് :കല്ലറയിലെ മലയോര മേഖലകളായ ചെറുവാളം ,ഗഠ കുന്ന് ,തെങ്ങുംകോട് ,പാൽക്കുളം തുടങ്ങിയ വാർഡുകളിലെ വിദ്യാർത്ഥികൾ അടങ്ങുന്ന നൂറുകണക്കിന് ജനങ്ങൾ ഗതാഗതത്തിനായി ആശ്രയിക്കുന്നത് ബസുകളെയാണ് .എന്നാൽ വൈകുന്നേരം 6 മണിക്ക് ശേഷം കല്ലറയിൽ നിന്ന് ചെറുവാളത്തേക്ക് പോകേണ്ട ബസ്സുകൾ ട്രിപ്പ് മുടക്കുന്നത് പതിവാണ് .കല്ലറയിൽ നിന്ന് ചെറുവാളത്തേക്ക് ആറുമണിക്ക് ശേഷം സർവീസ് നടത്തേണ്ട ബസ്സുകൾ ഒന്നും തന്നെ കോവിഡിനു ശേഷം ചെറുവാളം ഭാഗത്തേക്ക് സർവീസ് നടത്തുന്നില്ല .പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് ഉള്ളതുകൊണ്ട് കെഎസ്ആർടിസി ബസ്സുകൾ അനുവദിക്കാൻ കഴിയില്ലെന്നാണ് കെഎസ്ആർടിസി അധികൃതർ അറിയിച്ചത് .അധികാരികളോട് ഈ കാര്യങ്ങൾ ബോധ്യപ്പെടുത്തിയെങ്കിലും നടപടികൾ ഒന്നും തന്നെ ഉണ്ടായില്ല .ഇത്തരം ട്രിപ്പ് മുടക്കി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന ബസ്സുകൾക്കെതിരെ ശക്തമായ പ്രക്ഷോഭ സമരങ്ങൾ വരും ദിവസങ്ങളിൽ ആരംഭിക്കുമെന്ന് സിപിഐ കല്ലറ ലോക്കൽ കമ്മിറ്റിക്ക് വേണ്ടി ലോക്കൽ കമ്മിറ്റി സെക്രട്ടറി സഹീദ് കല്ലറ അറിയിച്ചു

## പത്മഭൂഷൺ പുരസ്കാരം നേടിയവർ

സൂര്യ പ്രകാശ് കർണാടക സാഹിത്യംജേണലിസം

അനന്ത്നാഗ് കലകർണാടക

ബിബേക് ദേബ്റോയ്(മരണാനന്തര ബഹുമതി)സാഹിത്യംവിദ്യാഭ്യാസംഡൽഹി

ജതിൻ ഗോസ്വാമികലഅസം

ജോസ് ചാക്കോ പെരിയപ്പുറം ആരോഗ്യംകേരളം

കൈലാഷ് നാഥ് ദീക്ഷിത് പുരാവസ്തുഗവേഷണംഡൽഹി

മനോഹർ ജോഷി(മരണാനന്തര ബഹുമതി) പൊതുപ്രവർത്തനംമഹാരാഷ്ട്ര

നല്ലി കുപ്പുസ്വാമി ചെട്ടി വ്യവസായംതമിഴ്നാട്

നന്ദമൂരി ബാലകൃഷ്ണസിനിമആന്ധ്രപ്രദേശ്

പിആർ ശ്രീജേഷ് കായികം കേരളം

പങ്കജ് പട്ടേൽവ്യവസായം ഗുജറാത്ത്

പങ്കജ് ഉദ്ദാസ് (മരണാനന്തരം)കലആന്ധ്രാപ്രദേശ്

രാംബഹദൂർ റായ്സാഹിത്യംവിദ്യാഭ്യാസംജേർണലിസം ഉത്തർപ്രദേശ്

സാധ്വി റിതംബര സാമൂഹിക പ്രവർത്തനംഉത്തർപ്രദേശ്

എസ്.അജിത്ത് കുമാർകല തമിഴ്നാട്

ശേഖർ കപൂർകലമഹാരാഷ്ട്ര

ശോഭന ചന്ദ്രകുമാർകലതമിഴ്നാട്

സുശീൽ കുമാർ മോദി (മരണാനന്തരം) പൊതുപ്രവർത്തനംബീഹാർ

വിനോദ് ധാം സയൻസ് എൻജിനീയറിങ് യു.എസ്.എ.

## എബിവിപിയുടെ രക്തദാന ക്യാമ്പിൽ പങ്കെടുത്തില്ല; തിരുവനന്തപുരത്ത് വിദ്യാർഥിക്ക് ക്രൂര മർദനം

തിരുവനന്തപുരം: എബിവിപിയുടെ രക്തദാന ക്യാമ്പിൽ പങ്കെടുത്തില്ലെന്ന് ആരോപിച്ച് വിദ്യാർഥിക്ക് ക്രൂര മർദനം. തിരുവനന്തപുരം ധനുവച്ചപുരത്ത് ആണ് സംഭവം. വിടിഎം എൻഎസ്എസ് കോളജിലെ ബിഎ രണ്ടാം വർഷ വിദ്യാർഥി അദൈദിനാണ് മർദനമേറ്റത്.

രണ്ട് ദിവസം മുമ്പാണ് സംഭവം. കോളജിൽവച്ച് മൂന്ന് പേർ അടുത്തേക്ക് വിളിച്ച് എബിവിപിയുടെ രക്തദാന ക്യമ്പ് നടക്കുന്നുണ്ടെന്നും രക്തം നൽകണമെന്നും പറഞ്ഞു. എന്നാൽ താൻ ഒന്നര മാസമേ അയിട്ടുള്ളു രക്തം കൊടുത്തിട്ട്, അതിനാൽ ഇപ്പോൾ നൽകാനാവില്ലെന്ന് അവരോട് പറഞ്ഞതായി അദൈദ് പറഞ്ഞു.

പിന്നാലെ മൂന്ന് വിദ്യാർഥികൾ ചേർന്ന് ഒരു മുറിയിലേക്ക് കൊണ്ടുപോയി. നിനക്ക് തടിയൊക്കെ ഉള്ളതല്ലേ, നീ പോയി രക്തം കൊടുക്ക്, ചത്തൊന്നും പോവില്ലെന്ന് പറഞ്ഞ് നിർബന്ധിച്ചു. കൊടുക്കാനാവില്ലെന്ന് പറഞ്ഞതോടെ മറ്റ് കുട്ടികളുടെ മുന്നിലിട്ട് ക്രൂരമായി മർദിക്കുകയായിരുന്നുവെന്നും വിദ്യാർഥി പറഞ്ഞു.

ആദ്യം മുഖത്ത് അടിച്ചു. പിന്നീട് ചെവിയിലും കഴുത്തിലും പുറത്തുമെല്ലാം തല്ലിയെന്ന് അദൈദ് പറഞ്ഞു. ഗുരുതര പരിക്കേറ്റ വിദ്യാർഥി ആശുപത്രിയിൽ ചികിത്സയിലാണ്.

## കേരള സർവകലാശാലയിലെ എസ്എഫ്ഐ സമരപ്പന്തൽ പൊളിച്ചു നീക്കണം; രജിസ്ട്രാർ കത്ത് നൽകി

തിരുവനന്തപുരം: കേരള സർവകലാശാല ആസ്ഥാനത്ത് എസ്എഫ്ഐയുടെ സമരപ്പന്തൽ പൊളിച്ച് നീക്കാൻ ആവശ്യപ്പെട്ട് രജിസ്ട്രാർ ഡിജിപിക്ക് കത്ത് നൽകി. പന്തൽ പൊളിക്കാൻ ജീവനക്കാരോടാണ് ആദ്യം ആവശ്യപ്പെട്ടതെങ്കിലും സംഘർഷം ഭയന്ന് വിസമ്മതിച്ച സാഹചര്യത്തിലാണ് ഡിജിപിക്ക് കത്ത് നൽകിയത്.

ചട്ടങ്ങൾ ലംഘിച്ച് ക്യാമ്പസിനകത്ത് പന്തൽ കെട്ടിയത് അംഗീകരിക്കാൻ കഴിയില്ല. ജീവനക്കാരുടെ ജോലിയെ ഇത് തടസപ്പെടുത്തുന്നുവെന്നും ചൂണ്ടികാട്ടിയാണ് കത്ത് നൽകിയിരിക്കുന്നത്. സർവകലാശാല തെരഞ്ഞെടുപ്പ് നടന്ന നാല് മാസം കഴിഞ്ഞിട്ടും യൂണിയൻ ഭാരവാഹികളെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കാൻ വൈസ് ചാൻസലർ അനുവദിക്കാത്തതിൽ പ്രതിഷേധിച്ചാണ് സമരം.

ഇക്കാരണം ചൂണ്ടിക്കാട്ടി വെള്ളിയാഴ്ചയാണ് എസ്എഫ്ഐ അനിശ്ചിത കാല സമരം ആരംഭിച്ചത്. പന്തൽ പൊളിക്കാൻ പോലീസ് എത്തിയാൽ തടയുമെന്നാണ് എസ്എഫ്ഐയുടെ മുന്നറിയിപ്പ്.

### കടുവയെ പിടികൂടാൻ വൈകുന്നു; പഞ്ചാരക്കൊല്ലിയിൽ പ്രതിഷേധവുമായി നാട്ടുകാർ

വയനാട്: പഞ്ചാരക്കൊല്ലിയിലെ നരഭോജി കടുവയെ പിടികൂടാനുള്ള ദൗത്യം വൈകുന്നതിൽ പ്രതിഷേധവുമായി നാട്ടുകാർ. ദൗത്യസംഘത്തിൻെറ ബേസ് ക്യാമ്പ് ഉപരോധിച്ചുകൊണ്ടാണ് പ്രതിഷേധം.

ഉദ്യോഗസ്ഥരെ പുറത്തുകടക്കാൻ അനുവദിക്കില്ലെന്ന നിലപാടിലാണ് നാട്ടുകാർ. ഇനിയും ജീവൻ കളയാനാണോ വനംവകുപ്പ് കാത്തുനിൽക്കുന്നതെന്ന ചോദ്യം ഉന്നയിച്ചുകൊണ്ടാണ് പ്രതിഷേധം.

കടുവയെ വെടിവച്ച് കൊല്ലാനാണ് ഉത്തരവിട്ടത്. എന്നാൽ കൂടുവച്ച് പിടിച്ചും മയക്കുവെടി വച്ചും മാറ്റാനുള്ള വനംവകുപ്പിൻെറ നീക്കം അനുവദിക്കില്ലെന്നും നാട്ടുകാർ പറഞ്ഞു.

## ചൂട് കൂടും; മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരുമെന്ന് മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും ഞായറാഴ്ചയും സാധാരണയെക്കാൾ രണ്ട് ഡിഗ്രി സെൽഷ്യസ് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

സംസ്ഥാനത്ത് ഉയർന്ന ചൂട് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്കായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രതാ നിർദേശങ്ങൾ പുറപ്പെടുവിച്ചു.

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

* രാവിലെ 11 മുതൽ വൈകുന്നേരം മൂന്ന് വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക.

* പരമാവധി ശുദ്ധജലം കുടിക്കുക. ദാഹമില്ലെങ്കിലും വെള്ളം കുടിക്കുന്നത് തുടരുക.

* നിർജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് ശീതള പാനീയങ്ങൾ തുടങ്ങിയവ പകൽ സമയത്ത് ഒഴിവാക്കുക.

* അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.

* പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലതായിരിക്കും.

* പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക. ഒആർഎസ് ലായനി, സംഭാരം തുടങ്ങിയവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

* മാർക്കറ്റുകൾ, കെട്ടിടങ്ങൾ, മാലിന്യശേഖരണ-നിക്ഷേപ കേന്ദ്രങ്ങൾ (ഡംപിംഗ് യാർഡ്) തുടങ്ങിയ ഇടങ്ങളിൽ തീപിടിത്തങ്ങൾ വർധിക്കാനും വ്യാപിക്കാനുമുള്ള സാധ്യത കൂടുതലാണ്. ഫയർ ഓഡിറ്റ് നടത്തേണ്ടതും കൃത്യമായ സുരക്ഷാ മുൻകരുതൽ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവയോട് ചേർന്ന് താമസിക്കുന്നവരും സ്ഥാപനങ്ങൾ നടത്തുന്നവരും പ്രത്യേകം ജാഗ്രത പാലിക്കുക.

* ചൂട് അധികരിക്കുന്ന സാഹചര്യത്തിൽ കാട്ടുതീ വ്യാപിക്കാനുള്ള സാധ്യതയുണ്ട്. വനമേഖലയോട് ചേർന്ന് താമസിക്കുന്നവരും വിനോദ സഞ്ചാരികളും പ്രത്യേകം ജാഗ്രത പാലിക്കണം. കാട്ടുതീ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം. വനം വകുപ്പിൻെറ നിർദേശങ്ങൾ കർശനമായി പാലിക്കണം.

* വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർഥികൾക്ക് ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കേണ്ടതും ക്ലാസ്മുറികളിൽ വായു സഞ്ചാരം ഉറപ്പാക്കേണ്ടതുമാണ്. പരീക്ഷാക്കാലമായാൽ പരീക്ഷാഹാളുകളിലും ജലലഭ്യത ഉറപ്പാക്കണം.

* വിദ്യാർഥികളുടെ കാര്യത്തിൽ സ്കൂൾ അധികൃതരും രക്ഷിതാക്കളും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. കുട്ടികൾക്ക് കൂടുതൽ വെയിലേൽക്കുന്ന അസംബ്ലികളും മറ്റ് പരിപാടികളും ഒഴിവാക്കുകയോ സമയക്രമീകരണം നടത്തുകയോ ചെയ്യേണ്ടതാണ്. കുട്ടികളെ വിനോദ സഞ്ചാരത്തിന് കൊണ്ടുപോകുന്ന സ്കൂളുകൾ രാവിലെ 11 മുതൽ വൈകുന്നേരം മൂന്ന് വരെ കുട്ടികൾക്ക് നേരിട്ട് ചൂട് ഏൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക.

* അംഗനവാടി കുട്ടികൾക്ക് ചൂട് ഏൽക്കാത്ത തരത്തിലുള്ള സംവിധാനം നടപ്പാക്കാൻ അതാത് പഞ്ചായത്ത് അധികൃതരും അംഗനവാടി ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കണം.

* കിടപ്പ് രോഗികൾ, പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മറ്റ് രോഗങ്ങൾ മൂലമുള്ള അവശത അനുഭവിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങൾ രാവിലെ 11 മുതൽ വൈകുന്നേരം മൂന്ന് വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇത്തരം വിഭാഗങ്ങൾക്ക് എളുപ്പത്തിൽ സൂര്യാഘാതം ഏൽക്കാനുള്ള സാധ്യതയുള്ളതിനാൽ ഇവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

* ഇരുചക്ര വാഹനങ്ങളിൽ ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്നവർ രാവിലെ 11 മുതൽ വൈകുന്നേരം മൂന്ന് വരെ സുരക്ഷിതരാണെന്ന് അതാത് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. അവർക്കു ചൂട് ഏൽക്കാതിരിക്കാൻ ഉതകുന്ന രീതിയിലുള്ള വസ്ത്രധാരണം നടത്താൻ നിർദേശം നൽകുകയും ആവശ്യമെങ്കിൽ യാത്രയ്ക്കിടയിൽ അല്പസമയം വിശ്രമിക്കാനുള്ള അനുവാദം നൽകുകയും ചെയ്യേണ്ടതാണ്.

* മാധ്യമപ്രവർത്തകരും പോലീസ് ഉദ്യോഗസ്ഥരും രാവിലെ 11 മുതൽ വൈകുന്നേരം മൂന്ന് വരെ കുടകൾ ഉപയോഗിക്കുകയും നേരിട്ട് വെയിൽ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക. ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് കുടിവെള്ളം നൽകി നിർജലീകരണം തടയാൻ സഹായിക്കുക.

* പൊതുപരിപാടികൾ, സമ്മേളനങ്ങൾ എന്നിവ നടത്തുമ്പോൾ പങ്കെടുക്കുന്നവർക്ക് ആവശ്യമായ കുടിവെള്ളം, തണൽ എന്നിവ ലഭ്യമാണെന്ന് സംഘാടകർ ഉറപ്പുവരുത്തുക. രാവിലെ 11 മുതൽ വൈകുന്നേരം മൂന്ന് വരെ കഴിവതും സമ്മേളനങ്ങൾ ഒഴിവാക്കുക.

* യാത്രയിലേർപ്പെടുന്നവർ ആവശ്യമായ വിശ്രമത്തോടെ യാത്ര തുടരുന്നതാകും നല്ലത്. കൈയിൽ വെള്ളം കരുതുക.

* നിർമാണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ, മറ്റേതെങ്കിലും കാഠിന്യമുള്ള ജോലികളിൽ ഏർപ്പെടുന്നവർ എന്നിവർ ജോലി സമയം ക്രമീകരിക്കുക. ജോലിയിൽ ആവശ്യമായ വിശ്രമം ഉറപ്പ് വരുത്തുക.

* ഉച്ചവെയിലിൽ കന്നുകാലികളെ മേയാൻ വിടുന്നതും മറ്റു വളർത്തുമൃഗങ്ങളെ വെയിലത്ത് കെട്ടിയിടുന്നതും ഒഴിവാക്കണം. മൃഗങ്ങൾക്കും പക്ഷികൾക്കും ജലലഭ്യത ഉറപ്പാക്കുക.

* കുട്ടികളെയോ വളർത്തുമൃഗങ്ങളെയോ പാർക്ക് ചെയ്ത വാഹനങ്ങളിൽ ഇരുത്തി പോകാൻ പാടില്ല.

* ജലം പാഴാക്കാതെ ഉപയോഗിക്കാനും മഴ ലഭിക്കുമ്പോൾ പരമാവധി ജലം സംഭരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. നിർജലീകരണം തടയാൻ എപ്പോഴും ഒരു ചെറിയ കുപ്പിയിൽ കുടിവെള്ളം കൈയിൽ കരുതുക.

* അസ്വസ്ഥകൾ അനുഭവപ്പെട്ടാൽ ഉടനെ വിശ്രമിക്കുകയും വൈദ്യസഹായം തേടുകയും ചെയ്യുക.

* കാലാവസ്ഥാ വകുപ്പിൻെറയും ദുരന്ത നിവാരണ അതോറിറ്റിയുടെയും ഔദ്യോഗിക മുന്നറിയിപ്പുകൾ ശ്രദ്ധിക്കുകയും അനുസരിക്കുകയും ചെയ്യുക.